(സി) ഡാമുകൾ തകർന്ന് അത്യാഹിതം സംഭവിച്ചാൽ സ്വീകരിക്കേണ്ട ബദൽ സംവിധാനത്തെപ്പറ്റി പഠിക്കുന്നതിന് ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ പ്രത്യേക പരിഗണന നൽകി എമർജൻസി ആക്ഷൻ പ്ലാൻ വിഭാവനം ചെയ്തിട്ടുണ്ട്. ആദ്യപടിയായി ശബരിഗിരി പദ്ധതിയുടെ ഭാഗമായ കക്കി, ആനത്തോട്, പമ്പ എന്നീ ഡാമുകളുടെ പഠനം നടത്തുവാൻ മെസ്സേഴ്സ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം കണ്ടിന്യൂയിംഗ് എഡ്യൂക്കേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി നിരക്ക് വർദ്ധന

32 (378) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എപ്പോഴെല്ലാം വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഓരോ തവണയും എത്ര ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ ;

(ബി) വ്യത്യസ്ത വിഭാഗങ്ങൾക്ക് നിലവിലുള്ള വൈദ്യുതി നിരക്ക് എത്രയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2012 ജൂലൈ ഒന്നാം തീയതി മുതലും 2013 മേയ് ഒന്നാം തീയതി മുതലും 2014 ആഗസ്റ്റ് 16-ാം തീയതി മുതലും വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. ഓരോ തവണയും വരുത്തിയിട്ടുള്ള വർദ്ധനവ് (ശതമാനത്തിൽ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വ്യത്യസ്ത വിഭാഗങ്ങളിലുള്ള ഉപഭോക്താക്കളുടെ നിലവിലുള്ള വൈദ്യുതി നിരക്ക് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

വൈദ്യുതി ഉൽപ്പാദന രംഗത്തെ വർദ്ധനവ്

33 (379) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ഉൽപ്പാദന രംഗത്ത് എത്ര മെഗാവാട്ട് വൈദ്യുതിയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

30.06 MW/85.07 Mu വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ 3 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി 12.75 മെഗാവാട്ട് വൈദ്യുതി, വൈദ്യുത ശൃംഖലയിലേയ്ക്ക് കൂട്ടിച്ചേർത്തിട്ടുണ്ട് :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പവർഹൗസ്	ശേഷി (MW)	കമ്മീഷൻ ചെയ്ത തീയതി
റാന്നി-പെരുനാട്	4 MW	16-2-2012
പീച്ചി	1.25 MW	7-1-2013
വിലങ്ങാട്	7.5 MW	1-9-2014
ആകെ	12.75 MW	

ഇതിനുപുറമേ പുനരുദ്ധാരണ നവീകരണത്തിനുശേഷം താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികളിൽനിന്നും 7 MW വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ച് ശൃംഖലയിലേയ്ക്ക് നൽകിവരുന്നുണ്ട് :

പവർഹൗസ്	ശേഷി വർദ്ധനവ്
1. മൂഴിയാർ	5 (MW)
2. പെരിങ്ങൽക്കുത്ത്	2 (MW)

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യമേഖലയിൽ പൂർത്തിയാക്കിയ വൈദ്യുതോൽപ്പാദന പദ്ധതികൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	സ്റ്റേഷന്റെ പേര്	സ്ഥാപിതശേഷി (MW)	വാർഷിക ഉൽപ്പാദന ശേഷി (Mu)
1.	ഇരുട്ടുക്കാനം സ്റ്റേജ് II ചെറുകിട ജലവൈദ്യുത പദ്ധതി (IPP)	1.5	3.94
2.	പാമ്പുക്കയം (മാങ്കുളം) മിനി ജലവൈദ്യുത പദ്ധതി (IPP)	0.11	0.29
3.	കാരിക്കയം ചെറുകിട ജലവൈദ്യുത പദ്ധതി (IPP)	10.5	27.6
4.	അഗളി വിന്റ് ഫാം (IPP)	1.2	2.3
5.	മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി (IPP)	3	8.37
	ആകെ	16.31	

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനർട്ട് 10000 റൂഫ് ടോപ്പ് സൗരഗൃഹ പദ്ധതിയിലൂടെ ഏകദേശം 7 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly